**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3378**

**11.05.2017 - ൽ മറുപടിക്ക്**

# ത്രിവേണി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും പ്രവർത്തനം

**ചോദ്യം**

**ശ്രീ.കെ.ഡി.പ്രസേനൻ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ത്രിവേണി സ്റ്റോറുകളുടെയും, നന്മ സ്റ്റോറുകളുടെയും പ്രവർത്തനത്തിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (എ) | കൺസ്യൂമർഫെഡ് എന്ന സഹകരണ സ്ഥാപനം 1980-ൽ സർക്കാരിൽ സമർപ്പിച്ച പ്രോജക്റ്റിന്റെ അടിസ്ഥാനത്തിലാണ് ത്രിവേണിയുടെ പ്രവർത്തനം ആരംഭിക്കുന്നത്. പ്രാദേശികമായി ത്രിവേണി സ്റ്റോറുകളുടെ ആവശ്യകത, അതിന് ലഭിക്കുന്ന സ്ഥലം എന്നിവ പരിഗണിച്ചാണ് ത്രിവേണിയുടെ വലിപ്പം, വ്യാപ്തി എന്നിവ തീരുമാനിക്കുന്നത്. കഴിവതും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യവും നിർദ്ദേശവും പരിഗണിച്ചാണ് ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളത്. വർദ്ധിച്ച് വരുന്ന പ്രവർത്തന ചെലവും അതോടൊപ്പം വിൽപ്പന വർദ്ധിക്കാനുള്ള സാദ്ധ്യതയില്ലായ്മയും കണക്കിലെടുത്ത് മാറ്റി സ്ഥാപിക്കുന്നതിനും നിർത്തലാക്കുന്നതിനും കൺസ്യൂമർഫെഡ് ഭരണസമിതി തലത്തിൽ തീരുമാനങ്ങൾ കൈകൊള്ളാറുണ്ട്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തിയിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | അവശ്യ സാധനങ്ങൾ ന്യായവിലക്കും, സബ്സിഡി | (ബി) | അവശ്യ സാധനങ്ങൾ ന്യായവിലയ്ക്കും സബ്സിഡി നിരക്കിലും ലഭ്യമാക്കുവാൻ ഇ-ടെൻഡർ വഴി കുറഞ്ഞ വിലയ്ക്ക് ആവശ്യ |

| | | | |
|---|---|---|---|
| | നിരക്കിലും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | സാധനങ്ങൾ മൊത്തമായി വാങ്ങി ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിപണി വിലയിലെ ചാഞ്ചാട്ടം, ഉത്സവകാല സീസണിലെ അധിക ഡിമാൻഡ് എന്നിവ കണക്കിലെടുത്ത് സർക്കാർ സബ്സിഡി ആനുകൂല്യം പ്രഖ്യാപിക്കുന്ന വേളയിൽ അത് ഉപഭോക്താക്കൾക്ക് കൺസ്യൂമർഫെഡ് ത്രിവേണി വഴി ലഭ്യമാക്കാറുണ്ട്. |
| (സി) | കൺസ്യൂമർ ഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വില്പന മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | | നടപടി സ്വീകരിച്ചു വരുന്നു. ത്രിവേണി സ്റ്റോറുകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അവശ്യവസ്തുക്കളുടെ ലഭ്യതയും ഗുണമേന്മയും ഉറപ്പാക്കുക, ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങളിലൂടെയും പ്രിവിലേജ് കാർഡ് മുഖേനയും വ്യാപാരം വർദ്ധിപ്പിക്കുന്നതിന് ജനകീയമായ ശ്രമങ്ങൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**